പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 553** **23-06-2026-ൽ മറുപടിയ്ക്ക്**

**ലഹരി വിപണനം തടയുന്നതിന് എൻഫോഴ്സ്മെന്റ് നടപടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. നജീബ് കാന്തപുരം ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** യുവതലമുറയ്ക്കിടയിൽ വർദ്ധിച്ചുവരുന്ന സിന്തറ്റിക് മയക്കുമരുന്നുകളുടെ (എം ഡി എം എ തുടങ്ങിയവ) ഉപയോഗവും വിപണനവും തടയുന്നതിന് ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ നടപ്പാക്കുന്ന പുതിയ എൻഫോഴ്സ്മെന്റ് നടപടികൾ വ്യക്തമാക്കാമോ;

**മറുപടി:** യുവതലമുറയിൽ വർദ്ധിച്ച് വരുന്ന ലഹരി ഉപയോഗം തടയുന്നതിനായി കേരള എക്സൈസ് വകുപ്പ് ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ വിവിധ എൻഫോഴ്സ്മെന്റ് നടപടികൾ നടപ്പിലാക്കി വരുന്നു. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ നടക്കുന്ന ലഹരി മരുന്ന് പ്രചാരണം, വിൽപ്പന, ഉപയോഗം എന്നിവ നിരീക്ഷിക്കുന്നതിനായി എക്സൈസ് സൈബർ സെൽ യൂണിറ്റുകൾ മുഖേന സോഷ്യൽ മീഡിയ പെട്രോളിംഗ് നടത്തുന്നു. ഇത്തരം നിരീക്ഷണങ്ങളിലൂടെ കേസുകൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ എക്സൈസ് സൈബർ സെൽ യൂണിറ്റുകൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. സോഷ്യൽ മീഡിയ വഴി പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ, സൈബർ സെൽ യൂണിറ്റുകൾ പരിശോധിച്ച് ബന്ധപ്പെട്ട എക്സൈസ് ഓഫീസുകളിലേക്ക് കൈമാറുകയും, അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. പൊതുജനങ്ങൾക്ക് ലഹരിമരുന്ന് സംബന്ധമായ വിവരങ്ങളും പരാതികളും എളുപ്പത്തിൽ റിപ്പോർട്ട് ചെയ്യുന്നതിനായി “People’s Eye" എന്ന മൊബൈൽ ആപ്പ് വികസിപ്പിച്ച് വരുന്നു. ഈ ആപ്പ് വഴി പൊതുജനങ്ങൾക്ക് അവരുടെ വ്യക്തിഗത വിവരങ്ങൾ രഹസ്യമായി സൂക്ഷിച്ചുകൊണ്ട് ലഹരി വിൽപ്പനയോ, ഉപയോഗമോ സംബന്ധിച്ച പരാതികൾ അറിയിക്കാൻ സാധിക്കും. പരാതിയോടൊപ്പം ബന്ധപ്പെട്ട ചിത്രങ്ങളും, വീഡിയോകളും അപ്‌ലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഭിക്കുന്ന പരാതികൾ യഥാസമയം പരിശോധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

**(ബി)** വിദ്യാലയങ്ങളും കോളേജുകളും കേന്ദ്രീകരിച്ച് ലഹരി വിപണനം നടത്തുന്നത് തടയാൻ എക്സൈസ് ഷാഡോ സംഘങ്ങളും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളും എത്രത്തോളം സജീവമായി പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

**മറുപടി:** വിദ്യാലയങ്ങളും കോളേജുകളും കേന്ദ്രീകരിച്ച് ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും തടയുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ഷാഡോ എക്സൈസ് ടീമുകളും (Excise Shadow Teams) വിദ്യാഭ്യാസ വകുപ്പിന്റെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെയും സഹകരണത്തോടെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളും (School Protection Groups - SPG) സജീവമായി

പ്രവർത്തിച്ചു വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളും അവയുടെ പരിസര പ്രദേശങ്ങളും കേന്ദ്രീകരിച്ച് ഷാഡോ എക്സൈസ് ടീമുകൾ രഹസ്യ നിരീക്ഷണവും വിവരശേഖരണവും നടത്തി ലഹരി വിൽപ്പനയിലും വിതരണത്തിലും ഏർപ്പെടുന്നവരെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ജൂൺ 01 മുതൽ സ്കൂൾ പരിസരത്ത് ആവശ്യമായ സമയങ്ങളിൽ മഫ്തി പെട്രോളിംഗും, ബൈക്ക് പെട്രോളിംഗും ഏർപ്പെടുത്തുകയും, സ്കൂളിലെ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് മുൻപും, ക്ലാസ്സ് അവസാനിച്ചതിന് ശേഷവും കൃത്യമായ ഇടവേളകളിൽ മാസത്തിൽ എല്ലാ അദ്ധ്യായന ദിവസവും, തുടർന്നുള്ള ദിവസങ്ങളിലും എക്സൈസ് ഉദ്യോഗസ്ഥർ പെട്രോളിംഗ് നടത്തിവരുന്നുണ്ട്.

സ്കൂളുകളിലെ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി അനധികൃതമായി സ്കൂൾ കോമ്പൗണ്ടിൽ പ്രവേശിക്കുവാനോ, വിദ്യാർത്ഥികൾക്ക് പുറത്ത് പോകാനോ കഴിയുന്ന മാർഗ്ഗങ്ങൾ, ഉപയോഗശൂന്യമായ ബാത്ത് റൂമുകൾ, മറ്റ് കെട്ടിടങ്ങൾ, കുറ്റിക്കാടുകൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കാൻ പറ്റിയ ഇടങ്ങൾ എന്നിവ സ്കൂളുകളുമായി ബന്ധപ്പെട്ട് ഉണ്ടോ എന്ന് പരിശോധന നടത്തുകയും, മേൽപ്പറഞ്ഞ പ്രകാരമുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ പരിഹാരം കാണാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സ്കൂൾ പരിസരത്ത് സ്ഥിരമായി വന്നുപോകുന്ന യുവാക്കളെ പ്രത്യേകം നിരീക്ഷിക്കുകയും, അവരെക്കുറിച്ചുള്ള വ്യക്തിവിവരങ്ങൾ ശേഖരിക്കുകയും, ഏതൊക്കെ വിദ്യാർത്ഥികളുമായി ബന്ധപ്പെടാൻ ശ്രമിക്കുന്നുവെന്നും, അവർ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരാണോ എന്നും പരിശോധനകൾ നടത്തി വരുന്നു. റേഞ്ച് പരിധിയിലെ ഓരോ സ്കൂളുകളിലെയും കുട്ടികളുടെ യൂണിഫോം മനസ്സിലാക്കി, സ്കൂൾ സമയത്ത് ഇത്തരം യൂണിഫോമിൽ കറങ്ങി നടക്കുന്ന കുട്ടികളെ തിരിച്ചറിഞ്ഞ് സ്കൂളുകൾ മുഖേന രക്ഷിതാക്കളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ ലഹരി എത്തിക്കുന്ന മാർഗ്ഗങ്ങൾ നാട്ടുകാരുടെ സഹായത്തോടെയും കൃത്യമായ നിരീക്ഷണങ്ങളിലൂടെയും കണ്ടെത്തി ആയത് നിയമപരമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

**(സി)** ലഹരിക്ക് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ കീഴിലുള്ള 'വിമുക്തി' മിഷൻ വഴി സംസ്ഥാനത്ത് എത്ര പുതിയ കൗൺസിലിംഗ്-ഡീ അഡിക്ഷൻ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന വിശദമാക്കാമോ ;

**<u>മറുപടി:</u>** ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി വിമുക്തി മിഷന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി 3 മേഖലാ കൗൺസിലിംഗ് കേന്ദ്രങ്ങളും, ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ 14 ജില്ലകളിലായി 14 വിമുക്തി ഡി-അഡിക്ഷൻ സെന്ററുകളും, കൂടാതെ തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ത്രീകൾക്കും, കുട്ടികൾക്കുമായി പ്രത്യേകം ഡി- അഡിക്ഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നു. എല്ലാ താലൂക്ക് തലത്തിലും ഡി-അഡിക്ഷൻ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ലഹരിക്ക് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ നേതൃത്വത്തിൽ പുതിയതായി കൗൺസിലിംഗ്, ഡീ-അഡിക്ഷൻ കേന്ദ്രങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല.

**(ഡി)** അതിർത്തി കടന്നുള്ള ലഹരിവസ്തുക്കളുടെ കടത്ത് തടയുന്നതിനായി അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് നടത്തുന്ന സംയുക്ത പരിശോധനകളുടെ (ഇന്റർ സ്റ്റേറ്റ് കോ -ഓർഡിനേഷൻ) പുരോഗതി എന്താണെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** ലഹരി കടത്ത് സംഘങ്ങളെക്കുറിച്ചും അവരുടെ നീക്കങ്ങളെക്കുറിച്ചുമുള്ള രഹസ്യ വിവരങ്ങൾ അയൽ സംസ്ഥാനങ്ങളിലെ ഏജൻസികൾ പരസ്പരം കൈമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്. ലഹരി കടത്താൻ ലഹരി മാഫിയ ഉപയോഗിക്കുന്ന പുതിയ റൂട്ടുകൾ, ആധുനിക കടത്ത് രീതികൾ എന്നിവ സംയുക്ത യോഗങ്ങളിൽ ചർച്ച ചെയ്ത് കൃത്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. തമിഴ്നാട്, കർണ്ണാടക തുടങ്ങിയ അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തികളിലും ചെക്ക് പോസ്റ്റ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിലും സംയുക്ത പരിശോധനകൾ നടത്തിവരുന്നു. നിശ്ചിത ഇടവേളകളിലും സ്പെഷ്യൽ ഡ്രൈവ് കാലയളവിലും പ്രത്യേക യോഗങ്ങൾ ചേർന്ന് ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**